LIBRARY ARCHIVES Kerala Legislative Assembly

വയ്യാങ്കര ശുദ്ധജല തടാകത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതി

109 [1795] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പന്തളം നിയോജകമണ്ഡലത്തിലെ താമരകുളം പഞ്ചായത്തിൽ വയ്യാങ്കര ശുദ്ധജല തടാകത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ടൂറിസം പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇവിടെ എന്ത് തുകയുടെ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നത്;

(സി) റവന്യൂ ഭൂമിയായ ഈ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ തടസ്സങ്ങൾ സമയബന്ധിതമായി നീക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) പദ്ധതിയുടെ സാദ്ധ്യതകൾ വിലയിരുത്തുന്നതിനായി ഒരു ഉന്നതതല യോഗം ടൂറിസം വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആലപ്പുഴയിൽ കൂടുന്നതാണ്. പദ്ധതിയുടെ വിശദാംശങ്ങൾ ഈ യോഗത്തിൽ ചർച്ച ചെയ്യാനുദ്ദേശിക്കുന്നു.

(ബി) പദ്ധതി രൂപീകരിക്കുമ്പോൾ മാത്രമേ മതിപ്പ് ചെലവ് എന്താകുമെന്ന് അറിയാനാകൂ.

(സി) തടസ്സങ്ങൾ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല.

(ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം പ്രസക്തമല്ല.

തിരുവാർപ്പ് പഞ്ചായത്തിനെ ടൂറിസം സോണിൽപ്പെടുത്താൻ നടപടി

110 [1796] ശ്രീമതി മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിൽപ്പെട്ട തിരുവാർപ്പ് പഞ്ചായത്തിനെ ടൂറിസം സോണിൽപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;